# STD - I

## അദ്ധ്യാപക സഹായി

**പാഠം – പന്ത്രണ്ട്** **ഭാഗം – ഒന്ന്**

## നമുക്ക് ദൈവത്തോട് സംസാരിക്കാം

### ലക്ഷ്യം

ദൈവവും നമ്മളും തമ്മിലുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന. എല്ലാക്കാര്യങ്ങളും ദൈവത്തോടു സംസാരിക്കുകയും ദൈവത്തെ സ്തുതിച്ച് നന്ദിപറയുകയും വേണം. ഞങ്ങളുടെ ഓരോ പ്രവൃത്തിയും പ്രാർത്ഥനയോടെ ആരംഭിക്കും. ദൈവത്തിന് നന്ദി പറയുകയും, ദൈവത്തെ സ്തുതിക്കുകയും ചെയ്യും.

### പഠനസഹായികൾ

* YOUCAT - 469, 470 (പ്രാർത്ഥന ക്രൈസ്തവ ജീവിതത്തിൽ)
* CCC - 2559 (പ്രാർത്ഥന ദൈവത്തിന്റെ ദാനം)
* CCC - 2564 (ക്രൈസ്തവ പ്രാർത്ഥന ദൈവവും മനുഷ്യനും തമ്മിൽ ക്രിസ്തുവിലുള്ള ഉടമ്പടി ബന്ധം)
* ചിത്രങ്ങൾ – അബ്രാഹം, മോശ, യേശു എന്നിവർ പ്രാർത്ഥിക്കുന്ന ചിത്രം – യൂട്യൂബ്
* ദേവാലയത്തിനകത്ത് കുട്ടികൾ മുട്ടുകുത്തി നിന്ന് കൈകൾ കൂപ്പിപ്പിടിച്ചുകൊണ്ട് പ്രാർത്ഥിക്കുന്ന ചിത്രം
* കുടുംബ പ്രാർത്ഥനയിൽ പങ്കെടുക്കുന്നവരുടെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* ഉണ്ണിക്കുട്ടന്റെ പ്രാർത്ഥന. നമ്മുടെ ഓരോ പ്രവൃത്തിയും പ്രാർത്ഥനോടെ തുടങ്ങണം
* ദൈവവും നമ്മളും തമ്മിലുള്ള സ്നേഹ സംഭാഷണമാണ് പ്രാർത്ഥന
* എല്ലാക്കാര്യങ്ങളും ദൈവത്തോടു സംസാരിക്കണം.
* ഉണരുമ്പോഴും ഉറങ്ങുമ്പോഴും പ്രാർത്ഥിക്കണം
* ദൈവത്തെ സ്തുതിച്ചും, ദൈവത്തിന് നന്ദി പറഞ്ഞും പ്രാർത്ഥിക്കണം.
* നമ്മുടെ തെറ്റുകൾക്ക് ദൈവത്തോടു മാപ്പു ചോദിച്ചുകൊണ്ടും പ്രാർത്ഥിക്കണം.
* എല്ലായ്പ്പോഴും – നിരന്തരം ദൈവത്തോട് പ്രാർത്ഥിക്കണം

### പ്രാർത്ഥന

ദൈവമേ, ഞങ്ങൾ ഉണരുമ്പോഴും, ഉറങ്ങുമ്പോഴും, ഓരോ പ്രവൃത്തികൾ ചെയ്യുന്നതിനുമുമ്പും അങ്ങയോട് പ്രാർത്ഥിക്കുവാനുള്ള കൃപാവരം നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. എന്താണ് പ്രാർത്ഥന?
2. ഓരോ പ്രവൃത്തിയും നമ്മൾ എങ്ങനെയാണ് തുടങ്ങേണ്ടത്?
3. ദൈവത്തോട് എങ്ങനെയാണ് സംസാരിക്കേണ്ടത്?
4. നമ്മൾ തെറ്റുകൾ ചെയ്താൽ, ദൈവത്തോട് എങ്ങനെ പ്രാർത്ഥിക്കണം?
5. ദൈവം നല്കിയ അനുഗ്രഹങ്ങൾക്കായി എങ്ങനെ പ്രാർത്ഥിക്കണം?

# STD - I

## അദ്ധ്യാപക സഹായി

**പാഠം – പന്ത്രണ്ട്** **ഭാഗം – രണ്ട്**

## നമുക്ക് ദൈവത്തോട് സംസാരിക്കാം

### ലക്ഷ്യം

പ്രാർത്ഥിക്കുമ്പോൾ, സ്വന്തം കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടിയും നാം പ്രാർത്ഥിക്കണം. എന്റെ കുടുംബത്തിനും കൂട്ടുകാർക്കും വേണ്ടി ഞാനെന്നും പ്രാർത്ഥിക്കും.

### പഠനസഹായികൾ

* വചനം – ലൂക്കാ. 11:1
* ചാർട്ട് – ചെറുപ്രാർത്ഥനകൾ
* അടിസ്ഥാന പ്രാർത്ഥനകളുടെ ഓഡിയോ/വീഡിയോ പ്രദർശനം
* സ്നേഹിതനുവേണ്ടിയുള്ള പ്രാർത്ഥനയുടെ ഒരു മോഡൽ എഴുതിയ ചാർട്ട്
* യൂട്യൂബ് ചിത്രങ്ങൾ – മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരുടെ

### പാഠത്തിന്റെ ഉള്ളടക്കം

* സ്വന്തം കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണം
* നമുക്കു പാടാം – എന്നും രാവിലെയുണരേണം
* ഉണ്ണിയേശുവിന് ഒരു കത്തെഴുതാം.
* എല്ലാ ദിവസവും പ്രാർത്ഥിക്കാനുള്ള മനസ്സ്
* കുടുംബത്തിനും കൂട്ടുകാർക്കും വേണ്ടി പ്രാർത്ഥിക്കണം
* ചെറുപ്രാർത്ഥനകൾ മനഃപാഠമാക്കും
* ഉണ്ണിക്കവിത – ഉണ്ണി പറഞ്ഞു നമ്മോടു, ‘ഉണർവോടെന്നും പ്രാർത്ഥിക്കൂ’

### പ്രാർത്ഥന

കർത്താവായ ദൈവമേ, എല്ലാ ദിവസവും അങ്ങേയ്ക്ക് നന്ദി പറയുവാനും, എല്ലാവരുടെയും നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനും എന്നെ പഠിപ്പിക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. നാം ആർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കണം?
2. എപ്പോഴെല്ലാം നാം പ്രാർത്ഥിക്കണം?
3. കൂട്ടുകാരുടെ നന്മകൾക്കുവേണ്ടി പ്രാർത്ഥിക്കണമോ, വേണ്ടയോ?
4. നമുക്കു പാടാം - എന്നും രാവിലെയുണരേണം - പാട്ടു പാടുക.
5. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നന്മനിറഞ്ഞ മറിയമേ, ത്രിത്വസ്തുതി പ്രാർത്ഥനകൾ ചൊല്ലുക.